CEE/871/2022-TA2

I/44236/2023

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**പത്രക്കുറിപ്പ്**

**സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോളേജുകളിലെ കമ്മ്യൂണിറ്റി/രജിസ്റ്റേർഡ് സൊസൈറ്റി, രജിസ്റ്റേർഡ് ട്രസ്റ്റ് ക്വോട്ട സീറ്റുകളിലേയ്ക്കും സർക്കാർ കോസ്റ്റ് ഷെയറിംഗ് കോളേജുകളിൽ സഹകരണ വകുപ്പിലെ ജീവനക്കാരുടെ മക്കൾക്കായി മാറ്റിവെച്ചിട്ടുള്ള സീറ്റുകളിലേയ്ക്കുള്ള പ്രത്യേക സംവരണം അപേക്ഷ സമർപ്പിക്കുന്നതിന് അവസരം**

സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോളേജ് മാനേജ്മെന്റുകളുമായി സർക്കാർ ഏർപ്പെട്ടിട്ടുള്ള/ഏർപ്പെടുന്ന കരാറിനു വിധേയമായി താഴെ പറയുന്ന സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോളേജുകളിലെ നിശ്ചിത ശതമാനം കമ്മ്യൂണിറ്റി/രജിസ്റ്റേർഡ് ട്രസ്റ്റ് ക്വോട്ട സീറ്റുകളിലേയ്ക്കും സംസ്ഥാനത്തെ കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE) ന്റെ കീഴിലുള്ള സർക്കാർ കോസ്റ്റ് ഷെയറിംഗ് എഞ്ചിനീയറിംഗ് കോളേജുകളിലെ കോഴ്സുകളിൽ, സംസ്ഥാന സഹകരണ വകുപ്പിലെ ജീവനക്കാരുടെയും രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ കീഴിലുള്ള സഹകരണ സൊസൈറ്റികൾ / ബാങ്കുകൾ/ മറ്റ് സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാരുടെയും, ഡയറക്ടർ ബോർഡ് അംഗങ്ങളുടെയും മക്കൾക്കായി നീക്കി വച്ചിട്ടുള്ള 5 % സീറ്റുകളിലേയ്ക്ക് സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും യോഗ്യരായ വിദ്യാർത്ഥികളെ കേന്ദ്രീകൃത അലോട്ട്മെന്റ് പ്രക്രിയയിലൂടെ (CAP-2023) പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്യുന്നതാണ്. കോളേജുകളുടെ തരം തിരിച്ചുള്ള ലിസ്റ്റ്, വിശദ വിവരങ്ങൾ എന്നിവയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ വിജ്ഞാപനം കാണുക.

പ്രസ്തുത സീറ്റുകളിലേക്ക് പ്രവേശനം ആഗ്രിക്കുന്നവർ വിജ്ഞാപനത്തിൽ നൽകിയിരിക്കുന്ന ആവശ്യമായ രേഖകൾ സഹിതം **2023 ജൂലൈ 14 വൈകിട്ട് 4 മണിക്ക്** മുമ്പായി അതത് കോളേജ് അധികൃതരുടെ മുമ്പാകെ ഹാജരാകേണ്ടതാണ്.

സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ കോളേജുകളിലെ

I/44236/2023

സമുദായം/രജിസ്റ്റേർഡ് സൊസൈറ്റി/ രജിസ്റ്റേർഡ് ട്രസ്റ്റ് ക്വാട്ടയിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത ക്വാട്ട ലഭ്യമായ കോളേജുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണരുടെ മേൽ വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ യഥാസമയം രജിസ്റ്റർ ചെയ്യേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
11-07-2023

**Signed by Arun K Vijayan**
**Date: 11-07-2023 13:41:13**
**Reason: Approved**

**പ്രവേശന പരീക്ഷാ കമ്മീഷണർ**